**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3063** **25-06-2024 - ൽ മറുപടിയ്ക്ക്**

**കോട്ടയം മുനിസിപ്പാലിറ്റിയിലെ കോടിമതയിൽ മത്സ്യസംഭരണ വിതരണ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം മുനിസിപ്പാലിറ്റിയിലെ കോടിമതയിൽ മത്സ്യസംഭരണ വിതരണ കേന്ദ്രം (ബേസ് സ്റ്റേഷൻ) തുടങ്ങുന്നതിന് മത്സ്യബന്ധന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് എന്തെങ്കിലും പ്രവർത്തനം നടത്തിയിട്ടുണ്ടോയെന്നും എങ്കിൽ എത്ര രൂപ ചെലവഴിച്ചുവെന്നും ഏത് സ്ഥാപനത്തിനാണ് പ്രവൃത്തി നൽകിയതെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | കോട്ടയം കോടിമതയിൽ ബേസ് സ്റ്റേഷൻ തുടങ്ങുന്നതിന് മത്സ്യഫെഡിന്റെ ഫണ്ടാണ് ഉപയോഗിച്ചത്. സൈഡ് വാളും ലാന്റ് ഫില്ലിംഗിനും കൂടി 25,94,109/- രൂപ ചെലവഴിച്ചു. മെസ്സേഴ്സ് കെ.ആർ.ബി അസ്സോസിയേറ്റ്സ് എന്ന സ്ഥാപനത്തിനാണ് പ്രവൃത്തി നൽകിയിരുന്നത്. |
| (ബി) | പ്രസ്തുത മുനിസിപ്പാലിറ്റിയിൽ ബേസ് സ്റ്റേഷന് വേണ്ടി സ്ഥലം അനുവദിക്കുന്നതിന് മത്സ്യഫെഡ് കോട്ടയം മുനിസിപ്പാലിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | മുനിസിപ്പാലിറ്റിയിൽ ബേസ് സ്റ്റേഷന് വേണ്ടി സ്ഥലം അനുവദിക്കുന്നതിന് കോട്ടയം ബേസ് സ്റ്റേഷൻ അസിസ്റ്റന്റ് മാനേജർ കോട്ടയം മുനിസിപ്പാലിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട്. കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. (ഉള്ളടക്കം B) |
| (സി) | ബേസ് സ്റ്റേഷന് മത്സ്യഫെഡിന്റെ ഫണ്ട് ഉപയോഗിച്ച് പ്രാരംഭ പ്രവർത്തനം നടത്തിയ കോട്ടയം മുനിസിപ്പാലിറ്റിയുടെ സ്ഥലം മത്സ്യഫെഡിന് കൈമാറ്റം ചെയ്ത് കിട്ടിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | ബേസ് സ്റ്റേഷന് മത്സ്യഫെഡിന്റെ ഫണ്ട് ഉപയോഗിച്ച് പ്രാരംഭ പ്രവർത്തനം നടത്തിയ കോട്ടയം മുനിസിപ്പാലിറ്റിയുടെ സ്ഥലത്തിന് പെർമിസ്സീവ് സാങ്ഷൻ ലഭിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ബേസ് സ്റ്റേഷൻ സംബന്ധിച്ച് ഉദ്യോഗസ്ഥർ എന്തെങ്കിലും റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കാമോ; | (ഡി) | കോട്ടയം ബേസ് സ്റ്റേഷൻ അസിസ്റ്റന്റ് മാനേജർ പ്രസ്തുത ബേസ് സ്റ്റേഷൻ സംബന്ധിച്ച് കത്ത് നൽകിയിട്ടുണ്ട്. കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.(ഉള്ളടക്കം D) |
| (ഇ) | മത്സ്യഫെഡിലെ ഏത് ഉദ്യോഗസ്ഥന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് ബേസ് സ്റ്റേഷന്റെ പ്രവൃത്തിക്ക് തുക ചെലവഴിച്ചിട്ടുള്ളത്; ശിപാർശയുടെ പകർപ്പ് ലഭ്യമാക്കാമോ? | (ഇ) | കോട്ടയം ബേസ് സ്റ്റേഷൻ അസിസ്റ്റന്റ് മാനേജരുടെ കത്തിന്റെ അടിസ്ഥാനത്തിൽ സൈഡ് വാളും ലാന്റ് ഫില്ലിംഗും ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. നെഗോസിയേഷൻ കഴിഞ്ഞ് ഭരണസമിതി അംഗീകരിച്ച തുകയ്ക്ക് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുകയും ബിൽ തുക നൽകുകയും ചെയ്തിട്ടുണ്ട്. കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. (ഉള്ളടക്കം E) |

സെക്ഷൻ ഓഫീസർ

ഉള്ളടക്കം — (B)

Kerala State Co-operative Federation for Fishereies Development Ltd.

**MATSYAFED BASE STATION**

**THIRUVATHUKKAL,KOTTAYAM –686 003**

No. Mfed/Ktm/B.S/2018

10/07/2018

ചെയർപേഴ്സൺ,
കോട്ടയം നഗരസഭ,
കോട്ടയം .

മാഡം,

വിഷയം : മത്സ്യഫെഡ് ബേസ് സ്റ്റേഷൻ , തിരുവാതുക്കൽ - നഗരസഭ ആരോഗ്യ വിഭാഗത്തിന്റെ പരിശോധന സംബന്ധിച്ച്:

സൂചന : നഗരസഭ ഹെൽത്ത് സൂപ്പർവൈസറുടെ 22-06-2018-ലെ H2-15386/18-ാം നമ്പർ കത്ത്.

മേൽ സൂചന പ്രകാരം താഴെ പറയുന്ന കാര്യങ്ങൾ അങ്ങയുടെ അറിവിനും അടിയന്തരപരിഗണനയ്ക്കുമായി അറിയിക്കുന്നു.

മത്സ്യഫെഡ് ബേസ് സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ഫ്ലേക് ഐസ് മെഷീന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ NOC കരസ്ഥമാക്കുവാൻ മത്സ്യഫെഡ് തുടക്കത്തിൽ തന്നെ ശ്രമിച്ചിരുന്നു . എന്നാൽ 100 മീറ്റർ ചുറ്റളവിൽ താമസിക്കുന്ന വീട്ടുകാരുടെ കൺസെന്റ് ലഭിക്കാത്തതിനാൽ പിസിബി ലൈസൻസിന്അപേക്ഷിക്കുവാൻ സാധിച്ചിട്ടില്ല. പിസിബി ലൈസൻസ് ലഭിക്കാത്തതിനാൽ നഗരസഭയിൽ നിന്നും ഡി& ഓ ലൈസൻസിനും അപേക്ഷിക്കുവാൻ സാധിച്ചിട്ടില്ല. സൂചന കത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന പ്രകാരം ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുവാൻ മത്സ്യഫെഡ് തയ്യാറാണെങ്കിലും ടി പ്ലാന്റ് സ്ഥാപിക്കുവാൻ നിലവിൽ സ്ഥല സൗകര്യം ലഭ്യമല്ല.. ഇപ്പോൾ ബേസ് സ്റ്റേഷനിൽ ഭംഗിയായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ETP സംവിധാനത്തിലെ ശുദ്ധീകരിച്ച ജലത്തിന്റെ പുതിയ സാമ്പിൾ

Kerala State Co-operative Federation for Fishereies Development Ltd.

**MATSYAFED BASE STATION**

**THIRUVATHUKKAL,KOTTAYAM –686 003**

എടുത്തു ടെസ്റ്റ് റിസൾട്ട് നൽകുവാൻ പിസിബി ഓഫീസിൽ അപേക്ഷിച്ചിട്ടുണ്ട്.

കോട്ടയം നഗരസഭാ കൗൺസിലിന്റെ തീരുമാനത്തിനനുസരിച്ചു കോടിമത മത്സ്യ മാർക്കറ്റിനു സമീപം മത്സ്യഫെഡിന്റെ 10 സെന്റ് സ്ഥലം അനുവദിച്ചു ഉത്തരവായതായി അങ്ങ് അറിയിച്ചിരുന്നുവല്ലോ?

ടി സ്ഥലം എത്രയും വേഗം അളന്നു തിരിച്ചുതന്നാൽ ഉടൻ തന്നെ അവിടെ പുതിയ കെട്ടിടം പണിത് ബേസ് സ്റ്റേഷൻ പ്രവർത്തനങ്ങൾ അങ്ങോട്ടുമാറ്റുവാൻ മത്സ്യഫെഡ് തയാറാണെന്ന് അങ്ങയെ വിനയപുരസ്സരം അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ

അസിസ്റ്റന്റ് മാനേജർ

H.O. MATSYA BHAVAN, Kamleswaram, Manakaud P.O; Trivandrum
Phone : 0471-2457756, 2457172, 2458606. Fax : 0471-247752. E-mail: matsya@md3.vsnl.net.in

ഉള്ളടക്കം - (B)

മത്സ്യഫെഡ്

കോട്ടയം ജില്ലാ ഓഫീസ്
വൈക്കം - 686141
ഫോൺ/ ഫാക്സ് - (04829) 216180
E- mail - mfedktm@yahoo.com

NO.MFED/KTM/B.S/2016

01/03/2017

സെക്രട്ടറി,
നഗരസഭ,
കോട്ടയം.

സർ,

വിഷയം : മത്സ്യഫെഡ് ബേസ് സ്റ്റേഷനുവേണ്ടി കോടിമതയിൽ സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് - അപേക്ഷ

സൂചന : (1) ജില്ലാ മാനേജരുടെ 22/10/16 ലെ Mfed/Ktm/BS/2016- ാം നമ്പർ കത്ത്
2) കോട്ടയം മുനിസിപ്പൽ സെക്രട്ടറിയുടെ 31/01/17 ലെ കത്ത്

മേൽ സൂചന കത്തുകളിലേക്ക് അങ്ങയുടെ ശ്രദ്ധ സവിനയം ക്ഷണിക്കുന്നു. സൂചന (1)
പ്രകാരം, തിരുവാതുക്കൽ ഉള്ള മത്സ്യഫെഡ് ബേസ് സ്റ്റേഷൻ കോടിമതയിലേയ്ക്കു മാറ്റി സ്ഥാപി
ക്കുന്നതിനു സ്ഥലം അനുവദിച്ചു തരണമെന്ന് നഗരസഭ സെക്രട്ടറിക്ക് അപേക്ഷ നൽകിയിരുന്നു
സൂചന (2) പ്രകാരം കോടിമതയിൽ സ്ഥലം അനുവദിക്കുന്ന വിഷയത്തിൽ 04/02/2017 തീയതി
മണിക്ക് ചർച്ചയ്ക്കായി നഗരസഭ സെക്രട്ടറി ക്ഷണിച്ചിരുന്നു.

ഈ ചർച്ചയ്ക്കുശേഷം, കോടിമതയിലെ കെ.എസ്.ഇ.ബി. സബ് സ്റ്റേഷനു സമീപം സ്ഥല
ബേസ് സ്റ്റേഷൻ ആവശ്യത്തിനായി പരിഗണിക്കുന്നതിനു വേണ്ടി അപേക്ഷ നൽകുവാൻ ബഹു
നഗരസഭ അധ്യക്ഷ, ഉപാധ്യക്ഷ, സെക്രട്ടറി, എന്നിവരുൾപ്പെട്ട സമിതി മത്സ്യഫെഡിനോട് ആവശ
പ്പെട്ടിരുന്നു.

ആയതിനാൽ, കോടിമത കെ.എസ്.ഇ..ബി. സബ് സ്റ്റേഷന് സമീപമുള്ള 20 സെന്റ് സ്ഥല
permissive sanction വ്യവസ്ഥയിൽ മത്സ്യഫെഡിന് അനുവദിച്ചു തരുന്നതിന് ആവശ്യമായ നടപ
സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

വിശ്വസ്തതയോ

ജില്ലാ മാനേജ

DISTRICT MANAGER
MATSYAFED DISTRICT OFFIC
KOTTAYAM

20 MAY 2021

(D)

15 YEARS OF CELEBRATING THE MAHATMA


# MATSYAFED
## KERALA STATE CO-OPERATIVE FEDERATION FOR FISHERIES DEVELOPMENT LIMITED NO. F (T) 738 (MATSYAFED)
## MATSYAFED BASESTATION KOTTAYAM

Konathattu Building , Opposite Attamangalam Church, Kumarakom P O Kottayam
Phone: 9526041209 E-mail:mfedbasestation@gmail.com


30/04/2021

Mfed/KTM/BS/2021/22

| PM | DGM i/c (CO) | DGM i/c (F) | |
|---|---|---|---|
| DGM i/c (E) | | DGM (P) | |
| DGM i/c (AQ) | DGM i/c (E&MC) | EA to MD | LO |

ാനേജിംഗ് ഡയറക്ടർ,
ത്സ്യഫെഡ്,
ിരുവനന്തപുരം.

ഃവർ,

വിഷയം - കോടിമത സ്ഥലം - നിലവിലെ അവസ്ഥ അറിയിക്കുന്നത് - സംബ
ന്ധിച്ച്

കോടിമതയുടെ തറവാടക. നിശ്ചയി ക്കുന്നതുമായി ബന്ധപ്പെട്ട് കോട്ടയം മുനി
സിപ്പാലിറ്റിയിൽ നിരന്തരം ബന്ധപ്പെട്ടു വരുന്നു. ബന്ധപ്പെട്ട അസിസ്റ്റന്റ് എൻജിനീ
യർക്ക് അധിക ചുമതലയായതിനാൽ ഫയൽ കൈകാര്യം ചെയ്യുന്നതിൽ കാലതാ
മസം നേരിട്ടിരുന്നു. എങ്കിലും നമ്മളുടെ ഭാഗത്തുനിന്നുമുള്ള നിരന്തരമായ സമ്മർദ്ദം
മൂലം എൻജിനീയറിംഗ് വിഭാഗം, റവന്യൂ വിഭാഗത്തിലേക്ക് തറവാടക നിശ്ചയിച്ച്
തരണമെന്ന് ആവശ്യപ്പെട്ട് കത്ത് നൽകുകയും ചെയ്തിരുന്നു.എന്നാൽ ഓരോ പ്രാവ
ശ്യവും വാടക നിശ്ചയിക്കാതെ ഫയൽ തിരിച്ച് എൻജിനീയറിംഗ് വിഭാഗത്തിലേക്ക്
വന്നു കൊണ്ടിരിക്കുകയായിരുന്നു. ഇതിനിടയിൽ ചുമതലയുള്ള റവന്യൂ ഓഫീസർ
അന്തരിക്കുകയും കുറെ നാൾ ആ ഒഴിവിലേക്ക് ആരേയും നിയമിക്കാതിരിക്കുകയും
ചെയ്യുന്ന സാഹചര്യമുണ്ടായി. പിന്നീട് ചാർജ് എടുത്ത റവന്യൂ ഓഫീസറിന് അധിക
ചുതലയായതിനാൽ അദ്ദേഹത്തിനും ഈ ഫയലിലേയ്ക്ക് വേണ്ടത്ര ശ്രദ്ധ കൊടുക്കു
വാൻ സാധിച്ചിരുന്നില്ല മാത്രവുമല്ല അധികം താമസിയാതെ ടിയാൻ സ്ഥലം മാറി
പോവുകയും ചെയ്തു.

കോവിഡിന്റെ പശ്ചാത്തലത്തിൽ കോടിമതയിലെ സ്ഥലത്തിന്റെ തറവാടക നിശ്ചയിക്കുന്നത് ജീവനക്കാരുടെ കുറവുമൂലം നീണ്ടുപോയിരുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ്, നിയമസഭാ തെരഞ്ഞെടുപ്പ് എന്നിവ മൂലം പല ഉദ്യോഗസ്ഥരും ഇലക്ഷൻ ഡ്യൂട്ടിയിലായിരുന്നതും കോടിമതയുടെ സ്ഥലത്തിന് ക്ലിയറൻസ് ലഭിക്കാത്തതിന് കാരണമായിരുന്നു. പിന്നീട് ചുമതലയേറ്റ റവന്യൂ ഓഫീസറിനെ കാര്യങ്ങൾ ബോധ്യപ്പെടുത്തുകയും അദ്ദേഹം കോടിമതയിലെ മത്സ്യഫെഡിന് അനുവദിച്ച സ്ഥലം സന്ദർശിക്കുകയും ചെയ്തു. ഇപ്പോൾ റവന്യൂ ഓഫീസർ സ്ഥലം പരിശോധിച്ച് സ്ഥലത്തിന് വിലനിർണ്ണയം നടത്തുകയും ചെയ്തുവെങ്കിലും മുനിസിപ്പൽ സെക്രട്ടറി സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് സംശയം പ്രകടിപ്പിച്ചതിനാൽ വീണ്ടും തുടരന്വേഷണത്തിനായി ഫയൽ മാറ്റിവച്ചിരിക്കുകയാണ്. ഉടമസ്ഥാവകാശത്തെ സംബന്ധിച്ചുള്ള സംശയം പരിഹരിച്ചതിനു ശേഷം മാത്രമേ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയിൽ തറവാടക അനുവദിക്കുവാൻ സാധിക്കുകയുള്ളൂ. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ അംഗീകാരം ലഭിച്ചാൽ മാത്രമേ ടി സ്ഥലത്ത് കെട്ടിടം നിർമ്മിക്കുവാനുള്ള അനുമതി ഉത്തരവ് മുനിസിപ്പൽ സെക്രട്ടറി നൽകുകയുള്ളൂ. ടി വിരങ്ങൾ അങ്ങയുടെ അറിവിലേക്കായി സമർപ്പിക്കുന്നു

വിശ്വസ്തതയോടെ,

മാനേജർ

2223S/000 (E)

911

21 NOV 2018

6416

Kerala State Co-operative Federation for Fishereies Development Ltd.

**MATSYAFED BASE STATION**

**THIRUVATHUKKAL,KOTTAYAM –686 003**

No.MFED/KTM/B.S./2018 14.11.2018.

| PM | DGM i/c (CO) | | DGM i/c (F) |
|---|---|---|---|
| DGM i/c (E) | | | DGM (P) |
| DGM i/c (AO) | DGM i/c (ES&MC) | EA to MD | LO |

The Managing Director,
Matsyafed,
Thiruvananthapuram.

Sir,

Sub:- Proposed Matsyafed base station at Kodimatha-
Submission of sketch of building- reg.

As per the direction of DGM(CO) on 07.11.2018, we are submitting herewith a rough plan of the proposed Matsyafed new base station bilding at Kodimatha, for your perusal and necessary action.

A.E
for preparation of plan & estimate.
22/11/18


Faithfully yours


Assistant Manager
Matsyafed Base Station
Thiruvathukkal

H.O. MATSYA BHAVAN, Kamleswaram, Manakaud P.O, Trivandrum
Phone : 0471-2457756, 2457172, 2458606. Fax : 0471-247752. E-mail: matsya@md3.vsnl.net.in

912

# Proposed Plot for Base Station, Kottayam






Rough sketch of proposed new Base station at Kodimuna

ഉള്ളടക്കം (E)

DGM (Engg)

## 19-02-2020-ന് മത്സ്യഫെഡ് കേന്ദ്ര ഓഫീസിൽ വച്ച് കൂടിയ 33-ാമത് ഭരണസമിതി യോഗത്തിന്റെ മിനിട്ട്സ്

**അജണ്ട നം.5**

മത്സ്യഫെഡ്- ഫിഷ്മീൽ പ്ലാന്റ് ആറാട്ടുപുഴ - ഫയർ ആന്റ് സേഫ്ടി വർക്കുകൾ ചെയ്യുന്നത് സംബന്ധിച്ച്

**തീരുമാനം നം.5/2020.**

ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴയിൽ നിർമ്മാണം പുരോഗമിക്കുന്ന ഫിഷ്മീൽ ആന്റ് ഓയിൽ പ്ലാന്റിലെ ഫയർ ആന്റ് സേഫ്ടി വർക്കുകൾക്കുള്ള 7,67,713/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും, പ്രവർത്തികൾ ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ച് ചെയ്യുന്നതിനും തീരുമാനിച്ചു.

**അജണ്ട നം.6**

മത്സ്യഫെഡ്- കോട്ടയം - ബേസ് സ്റ്റേഷനു വേണ്ടി ലഭിച്ച വസ്തുവിൽ സൈഡ് വാൾ നിർമ്മിച്ച് തറനിരപ്പ് ഉയർത്തുന്നതു - സംബന്ധിച്ച്

**തീരുമാനം നം.6/2020.**

മത്സ്യഫെഡ് കോട്ടയം ബേസ് സ്റ്റേഷൻ മാറ്റി സ്ഥാപിക്കുന്നതിനായി കോടിമതയിൽ മുൻസിപ്പാലിറ്റി നൽകിയ സ്ഥലം മണ്ണിട്ട് നികത്തുന്നതിനും, സൈഡ് വാൾ നിർമ്മിക്കുന്നതിനുമായി ലഭിച്ച ടെൻഡറിൽ നെഗോസിയേഷൻ കഴിഞ്ഞ് സമ്മതിച്ച 22,81,017/- രൂപയ്ക്ക് 2016 ഡി.എസ്.ആറിൽ നിന്നും 7.61% കൂടുതൽ അനുവദിക്കുന്നതിന് തീരുമാനിച്ചു.

**അജണ്ട നം.14.**

മത്സ്യഫെഡ്- ഫിഷ്മീൽ പ്ലാന്റ് ആറാട്ടുപുഴ -ഫയർ ആന്റ് സേഫ്ടി വർക്കുകൾ ചെയ്യുന്നതിന് സാധൂകരണം - സംബന്ധിച്ച്.

**തീരുമാനം നം.14/2020.**

ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴയിൽ നിർമ്മാണം പുരോഗമിക്കുന്ന ഫിഷ്മീൽ ആന്റ് ഓയിൽ പ്ലാന്റിലെ ഫയർ ആന്റ് സേഫ്ടി വർക്കുകളുടെ 7,67,713/- രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതിയും പ്രവർത്തികൾ നടപടിക്രമങ്ങൾ പാലിച്ച് ചെയ്യുന്നതിന് ഇ-ടെൻഡർ നടപടികൾ സ്വീകരിച്ചത് സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**അജണ്ട നം.15.**

മത്സ്യഫെഡ്-ആലപ്പുഴ-പരവൂരിൽ ട്വയിൻ ട്വിസ്റ്റിംഗ് യൂണിറ്റിന് ആവശ്യമായ പ്രവർത്തികൾ ചെയ്യുന്നത് സബന്ധിച്ച്.

**തീരുമാനം നം.15/2020.**

ആലപ്പുഴ പരവൂർ ട്വയിൻ ട്വിസ്റ്റിംഗ് യൂണിറ്റിനാവശ്യമായ 62,71,000/- രൂപയുടെ സിവിൽ പ്രവർത്തികൾ നടപടിക്രമങ്ങൾ പാലിച്ച് ചെയ്യുന്നതിനും, സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടുള്ള 'If the manpower component is on working arrangement, the project is approved. Otherwise Government sanction is essential before initiation of works' എന്ന വ്യവസ്ഥ ഒഴിവാക്കി കിട്ടുന്നതിന് സർക്കാരിനോട് അപേക്ഷിക്കുന്നതിനോടൊപ്പം പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതിന് മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചു.